# നവകേരളനിർമ്മിതിക്ക് കൈത്താങ്ങാവുക

# എ.കെ.ജി.സി.ടി.

തിരുവനന്തപുരം
05-10-2018

സുഹൃത്തുക്കളെ,

മതേതരത്വത്തിൽ മാത്രമല്ല സാക്ഷരതയിലും മാനവശേഷി വികസനത്തിലും സാമൂഹ്യനീതിയുടെ വിതരണത്തിലുമെല്ലാം നാളിതുവരെ രാജ്യത്തിന് മാതൃകയായി നിന്ന മലയാളികളുടെ മാതൃഭൂമയായ നമ്മുടെ കേരളം ഇന്നൊരു ചരിത്രസന്ധിയിലാണ്. ഏറിയാൽ നൂറ്റാണ്ടിലൊരിക്കൽ മാത്രം സംഭവിക്കാൻ സാധ്യതയുള്ളത്ര വിരളമായ മഹാപ്രളയം കേരളത്തിന്റെ സാമൂഹിക വികസന അസ്ഥിവാരത്തെയാകെ തകർത്തിരിക്കുകയാണ്.

സംസ്ഥാന രൂപീകരണത്തിന് ശേഷം ഒരുസർക്കാർ നേരിടേണ്ടിവന്ന ഏറ്റവുംവലിയ വെല്ലുവിളിയായിരുന്നു ഇത്. 55 ലക്ഷം ജനങ്ങളെ നേരിട്ടുബാധിച്ച പ്രളയത്തിൽ അവരുടെ ജീവൻരക്ഷിക്കുക എന്ന പ്രഥമകർത്തവ്യം, കേരള സംസ്ഥാനത്തിന് എന്നും അഭിമാനത്തോടെ ഓർക്കാവുന്ന വിധമാണ് പൂർത്തിയാക്കിയത്. മത്സ്യത്തൊഴിലാളികൾ മുതൽ സേനാവിഭാഗങ്ങൾവരെയുള്ള ജനങ്ങളാകെ ഒന്നിച്ച് കൈകോർത്ത് അണിനിരന്ന അത്തരമൊരു ചലഞ്ച് കേരളത്തിന് പുതുമയായിരുന്നു. സാധാരണനിലയിൽ ഭരണ സംവിധാനം ആടിയുലയുമായിരുന്ന ഘട്ടത്തിൽ ശക്തമായ ഏകോപനവുമായി ഇടതു പക്ഷജനാധിപത്യമുന്നണി സർക്കാർ എണ്ണയിട്ടയന്ത്രം പോലെ പ്രവർത്തിച്ചു. ഓരോകേരളീയനും അഭിമാനം തോന്നുന്ന തരത്തിൽ മുഖ്യമന്ത്രി പിണറായിവിജയൻ മുന്നിൽ നിന്ന് നയിച്ചു. അദ്ദേഹത്തിന്റെ നേതൃത്വമികവിന് മുന്നിൽ ലോകം ആദരവർപ്പിക്കുന്ന കാഴ്ച നാം കണ്ടു. 14 ലക്ഷം പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റേണ്ടിവന്ന സാഹചര്യം ഇതിനുമുമ്പ് കേരളത്തിലുണ്ടായിട്ടില്ല.

രക്ഷാദൗത്യം വിജയകരമായി നിർവഹിച്ചശേഷമാണ് പുനരധിവാസമെന്ന അടുത്തഘട്ട ത്തിലേക്ക് കടന്നത്. വീടുകളും സ്ഥാപനങ്ങളും ഉപയോഗയോഗ്യമാക്കുന്നതിലും വലിയൊരു ജനപങ്കാളിത്തമാണ് നാം കണ്ടത്. കേരളീയരുടെ ആത്മാഭിമാനത്തെ വലിയതോതിൽ വർധിപ്പിച്ച സാമൂഹ്യപങ്കാളിത്തമാണ് അക്കാര്യത്തിലുമുണ്ടായത്. തിരിച്ചുപോകാൻ വീടില്ലാത്തവരായി പതിനായിരത്തോളംപേർ വിവിധ കേന്ദ്രങ്ങളിൽ ഇപ്പോഴും കഴിയുന്നുണ്ട്. അവരുടെ പുനരധിവാസം പുനർനിർമ്മാണമെന്ന മൂന്നാംഘട്ടത്തോടൊപ്പം നടക്കേണ്ടതുമുണ്ട്. കേന്ദ്രസർക്കാർ, മറ്റ് രാജ്യങ്ങൾ, വിവിധ ധനകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നൊക്കെ വൻതോതിൽ ധനസഹായം ലഭ്യമായാൽ മാത്രമേ കേരളത്തെ പഴയസ്ഥിതിയിലേക്ക് തിരിച്ചുകൊണ്ടുവരാനാകൂ. രാഷ്ട്രീയകാരണങ്ങൾകൊണ്ട് അതിന് നിരവധി തടസ്സങ്ങളുണ്ടായത്. നാല്പതിനായിരം കോടി രൂപയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ കേരളത്തിന് വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ ജനങ്ങൾക്ക് മുന്നിൽ സാലറിചലഞ്ച് എന്ന ആശയം അവതരിപ്പിച്ചത്. സ്ഥിരം ജോലിയുള്ള കേരളീയരെല്ലാം ഒരു മാസത്തെശമ്പളം ഒരുമിച്ചോ പത്തുമാസം വരെനീളാവുന്ന തവണകളായോ നൽകിയാൽ നവകേരളനിർമ്മിതിക്ക് അത് വലിയൊരു മുതൽക്കൂട്ടാവും എന്നദ്ദേഹം വ്യക്തമാക്കിയിരുന്നു.

കേരളമെന്ന സംസ്ഥാനത്തിന് മറ്റിന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി അഭിമാനിക്കാവുന്ന നിരവധി ഘടകങ്ങളുണ്ട്. സാമൂഹിക വികസന രംഗത്തെ നിക്ഷേപങ്ങളിലൂടെ ജനങ്ങളുടെ ജീവിതാവസ്ഥയിലെ അന്തരം വലിയ തോതിൽ

കുറച്ചുകൊണ്ടുവന്ന സംസ്ഥാനമാണിത്. ഉൾപ്രദേശങ്ങളിൽ പോലും റോഡുകൾ, പാലങ്ങൾ, യാത്രാസംവിധാനങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ ആധുനിക ലോകത്തിന്റെ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കിനൽകിയതിലൂടെ ജനങ്ങളുടെ ജീവിത നിലവാരത്തിൽ കാര്യമായ പുരോഗതിയാണുണ്ടായിട്ടുള്ളത്. തൊഴിലെടുക്കുന്നവരുടെ കൂലിയിൽ വന്ന മാറ്റങ്ങൾ അവരുടെ ജീവിതനിലവാരത്തിലും വർധനവുണ്ടാക്കി. അതിനാലാണ് ചികിത്സാസൗകര്യങ്ങളോ യാത്രാസൗകര്യങ്ങളോ ലഭിക്കാതെ ഉറ്റവരുടെ ശവശരീരങ്ങളും ചുമന്ന് നടക്കേണ്ടിവരുന്ന ഉത്തരേന്ത്യൻ സംസ്ഥാനക്കാരുടെ അവസ്ഥ കേരളത്തിൽ ഉണ്ടാകാത്തത്. സാധാരണ ജനങ്ങളുടെ നിത്യജീവിതത്തെ മെച്ചപ്പെട്ടതായി നിലനിർത്തുന്ന ഇത്തരം അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളാണ് പ്രളയത്തിൽ കുത്തിയൊലിച്ച് പോയിട്ടുള്ളത്. ഇവ സമയബന്ധിതമായും ശാസ്ത്രീയമായും പുനർനിർമ്മിച്ചില്ലെങ്കിൽ കേരളത്തിന്റെ സാമൂഹിക സന്തുലിതാവസ്ഥ തകിടം മറിയും. കൃഷിയിടങ്ങളിലും തോട്ടം മേഖലയിലുമുണ്ടായിട്ടുള്ള നാശനഷ്ടം അവിടങ്ങളിലെ ജനങ്ങളെ ദാരിദ്ര്യത്തിലേക്ക് നയിക്കുമെന്നാണ് ഭയപ്പെടുന്നത്. അത്തരം അരക്ഷിതാവസ്ഥയുള്ള ജനങ്ങൾക്കിടയിൽ സ്ഥിരവരുമാനമുള്ള സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും അതേ സാമ്പത്തികസ്ഥിരതയോടെ അധികകാലം മുന്നോട്ടുപോകാനാവില്ലെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കൂടിവേണം സാലറി ചലഞ്ച് എന്ന ആവശ്യത്തെ പരിഗണിക്കാൻ. നിർബന്ധപൂർവം അവകാശങ്ങൾ കവർന്നെടുക്കാനുള്ള തീരുമാനമല്ല അത്. അങ്ങേയറ്റത്തെ സാമൂഹിക പ്രതിബദ്ധതയും തൊഴിലാളിവർഗ്ഗ പരിഗണനയുമുള്ള ഒരു സർക്കാരിന് മാത്രമേ ഇതൊരു അടിയന്തിര കടമയായി കാണേണ്ടതുള്ളു.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മാത്രം കോടിക്കണക്കിന് രൂപയുടെ ആസ്തിനഷ്ടമാണുണ്ടായിട്ടുള്ളത്. മൂന്നാർ ഗവ.കോളേജ് പാടെ തന്നെ നശിച്ചുപോയി. ഇത്തരം സ്ഥാപനങ്ങൾ ഇല്ലാതായാൽ നഷ്ടമാകാവുന്ന തസ്തികകളെ സംബന്ധിക്കുന്ന ആശങ്കകളെക്കാൾ ചികിത്സക്കും പഠനത്തിനും യാത്രക്കും വൈദ്യുതിക്കും വെള്ളത്തിനും ബുദ്ധിമുട്ടേണ്ടിവരുന്നവരുടെ സാന്നിദ്ധ്യം കേരളത്തിന്റെ സാമൂഹ്യശരീരത്തിലുണ്ടാക്കാവുന്ന ആഘാതത്തെ പ്രാധാന്യത്തോടെതന്നെ നാം കണക്കിലെടുക്കണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 80% സ്ഥിരാധ്യാപകർ ജോലിചെയ്യുന്ന ഒരു പ്രധാനസംസ്ഥാനമാണ് കേരളം. മറ്റിടങ്ങളിൽ കരാർ നിയമനങ്ങൾക്ക് പ്രാധാന്യം നൽകി സ്ഥിര നിയമനം അട്ടിമറിക്കപ്പെടുന്നത് കാണാതിരിക്കരുത്. സാമ്പത്തിക ബുദ്ധിമുട്ടുകൾ പറഞ്ഞ് മാസങ്ങളോളം ശമ്പളം വൈകിപ്പിക്കുന്ന പ്രവണതയും നമ്മുടെ സംസ്ഥാനത്തിലില്ല. ഇതിനെല്ലാം ശക്തിപകരുന്ന സാമൂഹ്യഘടനയിൽ വിള്ളൽ വീഴുമ്പോൾ നമ്മുടെ തൊഴിൽ മേഖല ഇതുപോലെ സുരക്ഷിതമായിരിക്കുമെന്ന് കരുതുന്നത് അപക്വമായിരിക്കും. അതിനാലാണ് മുഖ്യമന്ത്രി നടത്തിയ സാലറിചലഞ്ചിനുള്ള അഭ്യർത്ഥന ഏറ്റെടുക്കണമെന്ന് കോളേജധ്യാപകരോട് എ.കെ.ജി.സി.ടി. അഭ്യർത്ഥിച്ചത്. അധ്യാപകരുടെ സാമൂഹ്യപ്രതിബദ്ധതയെക്കുറിച്ച് പ്രസംഗിക്കുകയല്ല, മുൻനിര പ്രവർത്തകരും നേതാക്കളും അതിന്റെ ഗൗരവമുൾക്കൊണ്ടുകൊണ്ട് ചലഞ്ച് ഏറ്റെടുക്കുകയാണ് ആദ്യം ചെയ്തത്. വ്യക്തിപരമോ, കുടുംബപരമോ ആയ അപ്രതീക്ഷിത ചെലവുകളിൽ ഒന്നോ രണ്ടോമാസത്തെ ശമ്പളം വലിയൊരു ബാധ്യതയായി നാം കാണാറില്ല. അതൊരു സാമൂഹ്യകാര്യമാകുമ്പോഴാണ് 'നോ' പറയലുകൾ നടക്കുന്നത്. കേരളം കേരളമായി നിലനിൽക്കാൻ, കൂടുതൽ കരുത്തോടെ മുന്നോട്ടുപോകാൻ സർക്കാരിന്റെ സ്ഥിരശമ്പളക്കാരെന്ന നിലയിൽ നമുക്ക് നൽകാവുന്ന ഒരു സാമൂഹ്യനിക്ഷേപമായി ഇതിനെ കണക്കിലെടുക്കണം. അതിന്റെ പ്രതിഫലം ഈ സമൂഹത്തിൽ നിന്ന് നമ്മുടെ അനന്തര തലമുറക്ക് ലഭിക്കുക തന്നെചെയ്യും. അതിനാൽ ഇതിനിടയിൽ 'നോ' പറഞ്ഞ എല്ലാ കോളേജധ്യാപക സുഹൃത്തുക്കളും സാലറിചലഞ്ചിന് അനുകൂലമായി നിലപാട് മാറ്റണമെന്നും പൊതുസമൂഹത്തിന്റെ പ്രതീക്ഷകൾക്ക് ഒപ്പം നിന്ന് മാതൃകയാകണമെന്നും അഭ്യർത്ഥിക്കുന്നു.

അഭിവാദ്യങ്ങളോടെ

**ഡോ.എൻ.മനോജ്**
പ്രസിഡന്റ്

**ഡോ.കെ.കെ.ദാമോദരൻ**
ജനറൽ സെക്രട്ടറി